അല്ല. ഓരോ സെക്ഷനാഫീസിന്റെ കീഴിലും ഒരു അസിസ്റ്റന്റ് എഞ്ചിനീയറുടെയും 3 സബ് എഞ്ചിനീയറുടെയും 6 ഓവർസിയറുടെയും 12 ലൈൻമാൻമാരുടെയും 6 ഇലക്ട്രിസിറ്റി വർക്കറുടെയും ഒരു സീനിയർ സൂപ്രണ്ടിന്റെയും 1 സീനിയർ അസിസ്റ്റന്റിന്റെയും 1 കാഷ്യറുടെയും തസ്തികകളാണുള്ളത്. ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ എണ്ണമടങ്ങുന്ന വിവരം അനുബന്ധമായി ചേർക്കുന്നു.*

(ഡി) പുതിയ കണക്ഷനുവേണ്ടി എത്ര അപേക്ഷകൾ ഓരോ സെക്ഷനുകളിലും ലഭ്യമായിട്ടുണ്ടെന്നറിയിക്കുമോ; ഇവയിൽ കണക്ഷൻ നൽകാനാവാതെ എത്ര കാലമായി പ്രസ്തുത അപേക്ഷകൾ കെട്ടികിടക്കുന്നുണ്ടെന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ?

പുതിയ കണക്ഷനുമായി ബന്ധപ്പെട്ട് ജൂലൈ മാസത്തിൽ ലഭിച്ച അപേക്ഷകളുടെ സെക്ഷൻതലത്തിലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. മേൽ അപേക്ഷകളൊന്നും കെട്ടിക്കിടക്കുന്നില്ല. എന്നാൽ മറ്റൊരു പുരയിടത്തിലൂടെ ലൈൻ വലിക്കുവാൻ അനുവാദം ലഭിക്കാത്തതുമൂലം കണക്ഷൻ നൽകുവാനായി ADM-ന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളുടെ വിവരം സെക്ഷൻ തിരിച്ച് ചുവടെ ചേർക്കുന്നു.* ഇതുകൂടാതെ ഭീമനടി സെക്ഷനാഫീസിന്റെ കീഴിൽ ഫോറസ്റ്റ് ക്ലിയറൻസ് ലഭിക്കാത്തതുമൂലം ഒരു അപേക്ഷയ്ക്കും നിലവിൽ കണക്ഷൻ നൽകുവാൻ സാധിച്ചിട്ടില്ല.

(ഇ) കാസർഗോഡ് ജില്ലയിൽ അണ്ടർഗ്രൗണ്ട് കേബിൾ വഴി ഏതെല്ലാം ഭാഗങ്ങളിലേയ്ക്ക് വൈദ്യുതി വിതരണം ചെയ്യുന്നുണ്ടെന്ന് സെക്ഷൻ തിരിച്ച് അറിയിക്കാമോ?

കാസർഗോഡ് ടൗണിൽ ഭാഗികമായും അനന്തപുരം ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലും, സിവിൽ സ്റ്റേഷൻ കോംപ്ലക്സിലും, കുറ്റിക്കോൽ സെക്ഷന്റെ പരിധിയിലും, കാഞ്ഞങ്ങാട് ടൗണിൽ ഭാഗികമായും, പടന്നക്കാട്ടും, അമ്പലത്തറയിലും ഭാഗികമായി അണ്ടർഗ്രൗണ്ട് കേബിൾവഴി വൈദ്യുതി വിതരണം ചെയ്യുന്നു.

## ക്യാപ്റ്റീവ് അടിസ്ഥാനത്തിൽ വൈദ്യുത നിലയങ്ങൾ

177(5336) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യാവസായിക സംരംഭങ്ങൾക്ക് ക്യാപ്റ്റീവ് അടിസ്ഥാനത്തിൽ വൈദ്യുത നിലയങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇലക്ട്രിസിറ്റി ആക്ട്, 2003 പ്രകാരം വൈദ്യുതി ഉത്പാദന നിലയങ്ങൾ ആരംഭിക്കുന്നതിന് റെഗുലേറ്ററി കമ്മീഷനുകളുടെ അനുമതി ആവശ്യമില്ല. കേരളത്തിൽ, ചെറുകിട ജല വൈദ്യുത പദ്ധതികൾ അനുവദിക്കുന്നതിനുള്ള അധികാരം കേരള സർക്കാരിൽ നിക്ഷിപ്തമാണ്. ചെറുകിട ജലവൈദ്യുത പദ്ധതി നയം 2012 പ്രകാരമാണ് ചെറുകിട ജല വൈദ്യുത പദ്ധതികൾ ക്യാപ്റ്റീവ് പവർ പ്രൊഡ്യൂസേഴ്സ് (CPP) അടിസ്ഥാനത്തിലും ഇൻഡിപെന്റന്റ് പവർ പ്രൊഡ്യൂസേഴ്സ് (IPP) അടിസ്ഥാനത്തിലും അലോട്ട് ചെയ്യുന്നത്. മത്സര ദർഘാസ് പ്രകാരം ബൂട്ട് അടിസ്ഥാനത്തിലാണ് പ്രസ്തുത പദ്ധതികൾ അനുവദിച്ചുവരുന്നത്. സർക്കാരിലേയ്ക്ക് മെഗാവാട്ട് ഒന്നിന് 15 ലക്ഷം രൂപയോ അതിൽ കൂടുതലോ പ്രീമിയം നൽകാൻ തയ്യാറുള്ള കമ്പനികളിൽ നിന്നും ഏറ്റവും കൂടുതൽ പ്രീമിയം ക്വാട്ട് ചെയ്യുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് അവയുടെ ആസ്തിയെ അടിസ്ഥാനമാക്കി 25 മെഗാവാട്ട് വരെ സ്ഥാപിതശേഷിയുള്ള പദ്ധതികൾക്ക് അനുമതി നൽകുന്നുണ്ട്.

## കെ.എസ്.ഇ.ബി.-യിൽ ഓൺലൈൻ പേമെന്റ് സംവിധാനം

178(5337) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ ഓൺലൈൻ പേമെന്റ് സംവിധാനത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണ്; ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽനിന്ന് ഓട്ടോമാറ്റിക് പേമെന്റ് നടത്തുന്നതിന് എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി.-യിൽ ഓൺലൈൻ പേമെന്റ് സംവിധാനത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ താഴെ വിവരിക്കുന്നു.

1. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, ഐ.സി.ഐ.സി.ഐ ബാങ്ക്, സി.എസ്.ബി എന്നീ ബാങ്കുകൾ മുഖേന ഡയറക്റ്റ് നെറ്റ് ബാങ്കിംഗ് ഉപയോഗിച്ച് സർവ്വീസ് ചാർജ്ജില്ലാതെ വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം.

2. ഫെഡറൽ ബാങ്ക്, ടെക് പ്രോസസ്സ് എന്നീ പേമെന്റ് ഗേറ്റ് വേ സ്ഥാപനങ്ങളുമായി കെ.എസ്.ഇ.ബി. ഓൺലൈൻ സംവിധാനം ബന്ധിപ്പിച്ചിട്ടുണ്ട്. ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, നെറ്റ് ബാങ്കിംഗ് സംവിധാനങ്ങൾ ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്ക് പ്രസ്തുത സൗകര്യം പ്രയോജനപ്പെടുത്താം.

LIBRARY ARCHIVES Kerala Legislative Assembly